**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **20-01-2021 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി. -കളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി. -കളുടെ വികസനത്തിനായി വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാടാനപ്പള്ളി, മുല്ലശ്ശേരി എന്നിവിടങ്ങളിൽ നടത്തിയ വികസന പ്രവർത്തികൾ ചുവടെ ചേർക്കുന്നു. സാമൂഹികാരോഗ്യകേന്ദ്രം, വാടാനപ്പള്ളി 2016- 2017 ൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 62,793/-രൂപ ചെലവിൽ ഇലക്ട്രോണിക് ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. 2017 - 2018 കാലഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം 3,62,250/- രൂപ ചെലവിൽ ഇൻസിനേറ്റർ സ്ഥാപിച്ചു. കൂടാതെ ഫിസിയോതെറാപ്പി യൂണിറ്റിനായി 9,82,445/- രൂപ ചെലവഴിച്ചു. 46,595/- രൂപയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി. 2018- 2019 ൽ ഫാർമസി സ്റ്റോർ,ലാബ് മുതലായവ എസി ആക്കുന്നതിന് 2,92,350/- രൂപ ചെലവഴിച്ചു. 2019 - 2020 ൽ അഞ്ച് ലക്ഷം രൂപയുടെ സോളാർ പാനൽ സ്ഥാപിച്ചു. സാമൂഹികാരോഗ്യകേന്ദ്രം, മുല്ലശ്ശേരി 2018- 2019 ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.മുരളി പെരുനെല്ലിയുടെ എം.എൽ.എ ഫണ്ട് ഉപയോഗപ്പെടുത്തി ഒരേ സമയം 50 പേരുടെ രക്തം പരിശോധിക്കുവാൻ സാധിക്കുന്ന ഫുള്ളി ഓട്ടോ അനലൈസർ സ്ഥാപിച്ചു.കൂടാതെ കറന്റ് പോയാലും ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാനായി 25,59,345/-രൂപ ചെലവഴിച്ച് 62.5 KVA ഓട്ടോമാറ്റിക് ജനറേറ്റർ സ്ഥാപിച്ചു. 2019 - 2020 ൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 25 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സ്റേ സ്ഥാപിച്ചിട്ടുണ്ട്.കൂടാതെ 23 ലക്ഷം രൂപ ചെലവിൽ പുതിയ ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2019 - 2020 കാലഘട്ടത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചു. 25 ലക്ഷം രൂപ ചെലവിട്ടു കൊണ്ട് വനിതാ വാർഡ് |

| | | | |
|---|---|---|---|
| | | | പുതുക്കി പണിതു. ഫാർമസി,കുട്ടികളുടെ കുത്തിവെയ്പ് മുറി എന്നിവ ശീതീകരിച്ചു. കിച്ചൻ പൊളിച്ച് 3,00,000/- രൂപ ചെലവിൽ പുതിയത് സ്ഥാപിച്ചു. 24 ലക്ഷം രൂപ ഉപയോഗിച്ച് കുട്ടികളുടെ വാർഡ് പുതിയതായി നിർമ്മിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ